"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - വാകത്താനം ഗ്രാമപഞ്ചായത്ത് - 2007-08 - ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(4) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.1600 /13/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/06/2013**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 07/11/2012-ലെ എം3-31260/12-ാം നമ്പർ കത്ത്.

2) 08/05/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF. 24162/P.T1/12-ാം നമ്പർ കത്ത്.

## ഉത്തരവ്

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പഞ്ചായത്ത് ആഡിറ്റോറിയം മെയിന്റനൻസ് ചെലവിനത്തിൽ 85,766/- രൂപയും പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങിയ ഇനത്തിൽ 31,600/- രൂപയും ഉൾപ്പെടെ 1,17,366/- രൂപ ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ നിരാകരിച്ചിരുന്നു.

പഞ്ചായത്തിലെ ജനങ്ങൾ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ഒത്തുകൂടുവാനും ചർച്ച നടത്തുവാനുമുള്ള ഏക പൊതുസ്ഥലം പഞ്ചായത്ത് ഓഡിറ്റോറിയം മാത്രമായിരുന്നുവെന്നും ആയത് പുനരുദ്ധരിക്കുവാൻ പഞ്ചായത്തിന്റെ ധനസ്ഥിതി അനുവദിക്കാതിരുന്ന സാഹചര്യത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയതെന്നും പൊതു താൽപര്യം പരിഗണിച്ച് പ്രസ്തുത ചെലവിന് സാധൂകരണം നൽകണമെന്ന പഞ്ചായത്തിന്റെ 7.6.12-ലെ IV-ാം നമ്പർ തീരുമാനം ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യത്തിൽ പരാമർശം രണ്ടിലെ റിപ്പോർട്ടിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെയും സർക്കാർ തീരുമാനങ്ങൾക്ക് വിരുദ്ധമായ പ്രോജക്ടുകൾ ഭാവിയിൽ നടപ്പിലാക്കാതിരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി വച്ച് ചർച്ച ചെയ്യുന്നതിന്

ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചുവെന്ന ജില്ലാ ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം തടസ്സപ്പെടുത്തിയ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് 1,17,366/- രൂപ (ഒരു ലക്ഷത്തി, പതിനേഴായിരത്തി മുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വാകത്താനം ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ